File No.TOUR-A1/102/2018-TOUR

11595
11/11/20

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വിനോദസഞ്ചാര വകുപ്പ് - ജീവനക്കാര്യം - വിനോദസഞ്ചാര വകുപ്പിൽ സ്വീപ്പർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ പത്ത് വർഷത്തിലേറെക്കാലമായി ജോലി ചെയ്തു വരുന്ന ഏഴ് പേരെ പി.എസ്.സിയുടെ നിയമനാധികാര പരിധിയിൽ വരാത്ത തസ്തികകളിൽ നിയമനം നൽകി ക്രമവത്കരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വിനോദസഞ്ചാര (എ) വകുപ്പ്

സ.ഉ.(കൈ) നം.8/2020/ടൂറിസം തീയതി,തിരുവനന്തപുരം, 05/11/2020

---

പരാമർശം:- 1) 28.02.2018 തീയതിയിൽ ശ്രീമതി. മൈമുന സി. ബഹു.മുഖ്യമന്ത്രി മുൻപാകെ സമർപ്പിച്ച അപേക്ഷ.

2) ശ്രീ. എസ്.അയ്യപ്പൻ,ശ്രീമതി. കെ. ആമിനാ റാണി, ശ്രീ. ജയകുമാർ കെ., ശ്രീമതി. എം. ലതികാകുമാരി, ശ്രീമതി. എസ്. പ്രഭ എന്നിവർ ബഹു.,മുഖ്യമന്ത്രി മുൻപാകെ സമർപ്പിച്ച അപേക്ഷ.

3) ശ്രീമതി. ബിന്ദു കെ. ബഹു. സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി മുൻപാകെ സമർപ്പിച്ച അപേക്ഷ.

4) 24.01.2019 തീയതിയിലെ വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ E4 - 15202/2016 നമ്പർ കത്ത്.

5) 01.10.2020 തീയതിയിലെ വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ E4 - 15202/2016 നമ്പർ കത്ത്.

<u>ഉത്തരവ്</u>

വിനോദസഞ്ചാര വകുപ്പിൽ പത്ത് വർഷത്തിലേറെക്കാലമായി സ്വീപ്പർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കി വന്നിരുന്ന ശ്രീമതി. മൈമുന സി, ശ്രീ. എസ്.അയ്യപ്പൻ, ശ്രീമതി. കെ.ആമിനാ റാണി, ശ്രീ. ജയകുമാർ കെ., ശ്രീമതി. എം.ലതികാകുമാരി, ശ്രീമതി. എസ്.പ്രഭ, ശ്രീമതി. ബിന്ദു കെ എന്നിവർ തങ്ങളെ പി.എസ്.സിയുടെ നിയമനാധികാര പരിധിയിൽ വരാത്ത ഏതെങ്കിലും തസ്തികകളിൽ സ്ഥിരപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ച് കൊണ്ട് പരാമർശം ഒന്ന്,രണ്ട് & മൂന്ന് പ്രകാരം അപേക്ഷ നൽകിയിരുന്നു.തുടർന്ന് പരാമർശം നാലിലെ കത്ത് പ്രകാരം മേൽ പറഞ്ഞിരിക്കുന്ന ദിവസവേതനക്കാർക്ക് പത്ത് വർഷത്തിൽ കൂടുതൽ സർവീസുള്ളതായി വിനോദസഞ്ചാര വകുപ്പ് റിപ്പോർട്ട് ചെയ്തിരുന്നു.കൂടാതെ വിനോദസഞ്ചാര വകുപ്പിൽ പി.എസ്.സി മുഖേനയല്ലാതെ നിയമനം നടക്കുന്ന തസ്തികകൾ ഫുൾ ടൈം സ്വീപ്പർ,ഫുൾ ടൈം സാനിട്ടേഷൻ വർക്കർ,ഫുൾ ടൈം സ്വീപ്പർ കം സാനിട്ടേഷൻ വർക്കർ,കിച്ചൺ മേട്ടി,പാർട്ട് ടൈം സ്വീപ്പർ,പാർട്ട് ടൈം സാനിട്ടേഷൻ വർക്കർ,പാർട്ട് ടൈം സ്വീപ്പർ കം സാനിട്ടേഷൻ വർക്കർ എന്നിവയാണെന്ന്

വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശം അഞ്ച് പ്രകാരം അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.വിനോദസഞ്ചാര വകുപ്പിൽ പത്ത് വർഷത്തിലേറെക്കാലമായി സ്വീപ്പർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന താഴെ പറയുന്ന ഏഴ് പേരെ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമനം നടത്താത്ത വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള മേൽ പരാമർശിച്ചിരിക്കുന്ന ഏതെങ്കിലും ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ ഒഴിവുകളുടെ അടിസ്ഥാനത്തിൽ നിയമനം നൽകി ക്രമവത്കരിച്ചുകൊണ്ട് ഉത്തരവാകുന്നു .ഇക്കാര്യത്തിൽ തുടർനടപടികൾ വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

1. ശ്രീമതി. മൈമുന.സി

2. ശ്രീ.എസ്.അയ്യപ്പൻ
3. ശ്രീമതി.കെ.ആമിനാ റാണി
4. ശ്രീ.ജയകുമാർ. കെ
5. ശ്രീമതി.എം.ലതികാകുമാരി
6. ശ്രീമതി.എസ്.പ്രഭ
7. ശ്രീമതി.ബിന്ദു കെ.

നേരിട്ടുള്ള നിയമനങ്ങളിൽ പാലിക്കപ്പെടുന്ന എല്ലാ നടപടിക്രമങ്ങളും ഈ നിയമനങ്ങളിൽ പാലിക്കേണ്ടതാണ്.വസ്തുതകൾ മറച്ച് വയ്ക്കുകയോ തെറ്റായ വിവരങ്ങൾ നൽകുകയോ ചെയ്താണ് നിയമനം നേടിയതെന്ന് ഭാവിയിൽ സർക്കാരിനോ നിയമനാധികാരിക്കോ ബോധ്യപ്പെട്ടാൽ ഈ നിയമനം റദ്ദ് ചെയ്യുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**റാണി ജോര്ജ്ജ്**
**സെക്രട്ടറി**

പകർപ്പ്:
ഡയറക്ടർ,വിനോദസഞ്ചാര വകുപ്പ്,തിരുവനന്തപുരം.
ബന്ധപ്പെട്ട ജീവനക്കാർ [വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ മുഖേന]
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ),തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് [04.11.2020 ലെ ഇനം നം. 4336]
ധനകാര്യ വകുപ്പ് [06.06.2020 ലെ 172076 : EXP-A3/66/2016 - FIN പ്രകാരം]
നിയമ വകുപ്പ് [03.08.2020 ലെ 9833/Opinion F3/2020/Law പ്രകാരം]
ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പ് [25.06.2020 ലെ ADV-A2/128/2020-PandARD പ്രകാരം]
വിവര പൊതുജനസമ്പർക്ക [വെബ് & ന്യൂ മീഡിയ] വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

4336

**കേരള സർക്കാർ**

(ശ്രീ പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ | : എ 1-/102/2018-ടൂർ |
| 2. | വകുപ്പ് | : വിനോദസഞ്ചാര (എ)വകുപ്പ് |
| 3. | വിഷയം | : വിനോദസഞ്ചാര വകുപ്പിൽ സ്വീപ്പർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ 10 വർഷത്തിലേറെയായി ജോലി ചെയ്തുവരുന്നവരെ പി.എസ്.സി മുഖേനയല്ലാതെ നികത്തേണ്ട തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി ; | : 03.03.2020 |
| 5. | (എ) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ | : അതെ |
| | ബി) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; | : |
| 6 | മറ്റേതിങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്; | : ശ്രീ. പ്രകാശ് ബി.എസ് |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര്; | : ശ്രീമതി.റാണി ജോർജ് ഐ എ എസ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി ; | : 3/11/2020 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് ; | : ശ്രീ.വിശ്വാസ് മേത്ത ഐ എ എസ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി; | : 03. 11. 2020. |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്; | : ശ്രീ.കടകംപള്ളി സുരേന്ദ്രൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി ; | : 03-11-2020 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി ; | : 03-11-2020 |
| 15 | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി; | : |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും. | : |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വിനോദസഞ്ചാര വകുപ്പിൽ സ്വീപ്പർ തസ്തികയിൽ 10 വർഷത്തിലേറെയായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത് വരുന്നതും ഇപ്പോൾ തുടരുന്നതുമായ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2) ബഹു. സുപ്രീം കോടതിയുടെ ഫുൾബെഞ്ച് സ്റ്റേറ്റ് ഓഫ് കർണാടക Vs ഉമാദേവി (2006) കേസിന്റെ വെളിച്ചത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത് വരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് കോടതി വിധിയുടെ ലംഘനവും കോടതിയലക്ഷ്യവും ആകുമെന്ന നിയമ വകുപ്പ് നൽകിയ കർശന ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്താനുള്ള അപേക്ഷകൾ 2016 ന ശേഷം നിരസിക്കുകയാണ് ചെയ്തിരുന്നത്. എന്നാൽ വിനോദസഞ്ചാര വകപ്പിൽ ഷോഫർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ 2006 മുതൽ ജോലി ചെയ്തു വന്നിരുന്ന ശ്രീ. സനൽകുമാർ എന്ന വ്യക്തിയെ 11.02.2020 തീയതിയിലെ സ.ഉ(സാധാ) കൈ നം. 5/2020/ടൂറിസം ഉത്തരവ് പ്രകാരം പി.എസ്.സി മുഖേനയല്ലാതെ നികത്തേണ്ട ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ സ്ഥിരപ്പെടുത്തിക്കൊണ്ട് ഉത്തരവായിരുന്നു.

3) വിനോദസഞ്ചാര വകുപ്പിൽ 10 വർഷത്തിലേറെയായി സ്വീപ്പർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ശ്രീമതി ആമിനാ റാണി, ശ്രീ.അയ്യപ്പൻ .എസ്, ശ്രീ.ജയകുമാർ കെ, ശ്രീമതി.ലതിക കുമാരി എം, ശ്രീമതി.മൈമുന സി, ശ്രീമതി എസ്. പ്രഭ, ശ്രീമതി ബിന്ദു കെ എന്നിവർ തങ്ങളെ സർവ്വീസിൽ സ്ഥിരപ്പെടുത്തണമെന്ന് അപേക്ഷിച്ച് സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. ടി ജീവനക്കാർക്ക് 10 വർഷത്തിൽ കൂടുതൽ സർവ്വീസുള്ളതായി വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി യുടെ നിയമന പരിധിയിൽ വരാത്ത തസ്തികകൾ ഫുൾടൈം സ്വീപ്പർ, ഫുൾടൈം സാനിട്ടേഷൻ വർക്കർ, ഫുൾടൈം സ്വീപ്പർ കം സാനിട്ടേഷൻ വർക്കർ, കിച്ചൻ മേട്ടി, പാർട്ട് ടൈം സ്വീപ്പർ , പാർട്ട് ടൈം സാനിട്ടേഷൻ വർക്കർ, പാർട്ട് ടൈം

സ്വീപ്പർ കം സാനിട്ടേഷൻ വർക്കർ എന്നിവയാണെന്നും ഇതിൽ ഫുൾടൈം തസ്തികകളിൽ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ പൊതു സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ജില്ലാ കളക്ടർമാർ നൽകുന്ന നിയമന ശിപാർശയുടെ അടിസ്ഥാനത്തിലും പാർട്ട് ടൈം വിഭാഗത്തിൽ ബന്ധപ്പെട്ട ജില്ലാ എംപ്ലോയമെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുമാണ് നിയമനം നടത്തുന്നത് എന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ദിവസവേതനക്കാരെ സ്ഥിരപ്പെടുത്തുന്ന വിഷയം സർക്കാരിന്റെ പരിപൂർണമായ വിവേചനാധികാരത്തിൽ വരുന്നതാണെന്നും ആയതിനാൽ പി.എസ്.സി യുടെ നിയമനപരിധിയിൽപ്പെടാത്ത തസ്തികകളിൽ ടി ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനം സർക്കാർ തലത്തിൽ കൈക്കൊള്ളണമെന്നും ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ഈ വിഷയം സംബന്ധിച്ച ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു

" ബഹു. സുപ്രീം കോടതിയുടെ അപ്പീൽ (സിവിൽ) 3595-3612 of 1995 State of Karnataka Vs Umadevi കേസിലെ 10.04.2006 ലെ വിധിയുടെ അടിസ്ഥാനത്തിൽ public institutions- ൽ പിൻവാതിൽ നിയമനം നടത്തുന്നതും താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതും സംബന്ധിച്ച് ധന വകുപ്പ് വ്യക്തമായ നിർദ്ദേശങ്ങൾ എല്ലാ വകുപ്പുകൾക്കും നൽകിയിട്ടുണ്ട്. ആയതിനാൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച വിഷയത്തിൽ യോജിക്കാൻ കഴിയില്ല എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു,

കോവിഡ് പ്രതിരോധകാലത്തിന് ശേഷം മന്ത്രിസഭാ തീരുമാനത്തിനായി ഇക്കാര്യം ഭരണവകുപ്പ് സമർപ്പിക്കുന്നതിന് ധന വകുപ്പിന് വിയോജിപ്പില്ലായെന്നും അറിയിക്കുന്നു"

ഈ വിഷയം സംബന്ധിച്ച ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"പ്രസ്തുത വിഷയം സംബന്ധിച്ച് 06.06.2020 ലെ EXP A3/66/2016- FIN പ്രകാരം ധനകാര്യ വകുപ്പ് നൽകിയ അഭിപ്രായത്തോട് ഈ വകുപ്പ് യോജിക്കുന്നു"

ഈ വിഷയം സബന്ധിച്ച് നിയമ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു

"ടൂറിസം വകുപ്പിലെ സാനിട്ടേഷൻ വർക്കർ, കിച്ചൻമേട്ടി, പാർട്ട് ടൈം സ്വീപ്പർ പാർട്ട് ടൈം സാനിറ്റേഷൻ വർക്കർ തുടങ്ങിയ തസ്തികകളിലേക്കുള്ള നിയമന രീതി സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഏതാണെന്ന് ഭരണ വകുപ്പ് വ്യക്തമാക്കിയിട്ടില്ല. പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തിന് നിഷ്കർഷിക്കപ്പെട്ടിട്ടുള്ള നിയമന രീതി ഏതാണെന്ന് ഭരണവകുപ്പ് പരിശോധിക്കേണ്ടതാണ്. തുല്യ അവസരം നൽകിക്കൊണ്ടുള്ള സുതാര്യമായ നിയമന പ്രക്രിയയിലൂടെയല്ലാതെയും വ്യവസ്ഥാപിതമായ രീതിയിലല്ലാതെയും കരാറടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും ജോലി ചെയ്തുവരുന്ന താൽക്കാലിക ജീവനക്കാരെ സേവനത്തിൽ സ്ഥിരപ്പെടുത്തുന്നത് ഭരണഘടനാ തത്വങ്ങൾക്ക് വിരുദ്ധമാണെന്ന് ബഹു. സുപ്രീം കോടതി കർണ്ണാടക സർക്കാർ അഭി ഉമാദേവി (AIR 2006 SC 1806) എന്ന കേസിൽ വിധി പ്രസ്താവിച്ചിട്ടുള്ളതാണ്. എന്നാൽ ഒറ്റത്തവണയുള്ള നടപടിയായി പ്രസ്തുത വിധിന്യായം പുറപ്പെടുവിച്ച ദിവസം കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിലല്ലാതെ ക്രമവിരുദ്ധമായ (നിയമവിരുദ്ധമല്ലാതെ) നിയമനം നേടിയ ശേഷം 10 വർഷം പൂർത്തിയായവർക്ക് സ്ഥിരനിയമനം നൽകാമെന്ന് ബഹു. കോടതി ഉത്തരവായിട്ടുള്ളത്. ആയത് 6 മാസത്തിനുള്ളിൽ പൂർത്തീകരിക്കണമെന്നും ബഹു. കോടതി ഉത്തരവിട്ടിരുന്നു. എന്നാൽ പ്രസ്തുത 6 മാസക്കാലയളവിൽ നിയമനം ക്രമീകരിക്കാത്തവർക്ക് പ്രസ്തുത ആവശ്യത്തിലേയ്ക്ക് മാത്രം കോടതി ചില കേസുകളിൽ സമയം നീട്ടി നൽകിയിരുന്നു ( State of Karnataka Vs. M.LKesari 2010 9 SCC 247)

എന്നാൽ പിന്നീട് ഉമാദേവി കേസിലെ വിധിന്യായമടക്കം പരിശോധിച്ച് കൊണ്ട് Upendra Singh V State of Bihar & Ors (AIR 2008 SC 1315) എന്ന കേസിൽ ബഹു. സുപ്രീം കോടതി 23/02/2018-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ രാംസേവക് യാദവ് കേസിലെ വിധിന്യായത്തിന്റെ ഖണ്ഡിക 43 ലെ താഴെ പറയുന്ന മാനദണ്ഡങ്ങൾ ഉദ്ധരിക്കുകയുണ്ടായി.

"43(A) Uma Devi (supra) prohibits regularization of daily wage, casual , adhoc, and temporary appoitnments, the period of service being irrelevant.

(B) An illegal appointment void ab initio made contrary to the mandate of Article 14

without open competitive selection cannot be regularized under any circumstances.

(C) Irregular appointments can be regularized if the apoointment was made by an authority competent to do so, it was made on a vacant sanctioned post, in accordance with Article 14 of the Constitution with equal opportunity for participation to others eligible by competitive selection and the candidate possessed the eligiibility qualifications for a regular appointment to the post.

(D) The appointment must not have been an individual favour doled out to the appontee alone and the person must have continued in service for over ten years without intervention of any court orders".

ഉമാദേവി കേസിലെ വിധിന്യായമടക്കം പരിശോധിച്ച് ബഹു. സുപ്രീം കോടതി തന്നെ പുറപ്പെടുവിച്ച Upendra singh Vs. State of Bihar and Ors (AIR 2018 SC 1315) എന്ന കേസിലെ വിധിന്യായത്തിൽ ഉദ്ധരിക്കപ്പെട്ട മാനദണ്ഡങ്ങൾ , പ്രത്യേകിച്ച് മറ്റുള്ളവർക്കും തുല്യാവസരത്തിനും മത്സരത്തിനും അവസരം നൽകി കൊണ്ടും വ്യക്തി താൽപര്യമല്ലാതെയുമാണെന്നുള്ള മാനദണ്ഡങ്ങൾ പ്രതിപാദ്യ വിഷയത്തിലെ ജീവനക്കാരെ സംബന്ധിച്ചെടുത്തോളം ബാധകമാവുന്നതാണോ എന്ന് പരിശോധിക്കാവുന്നതും, പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കുന്ന പക്ഷം ഭരണവകുപ്പിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ് എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു. "

നിയമവകുപ്പിന്റെ മേൽ അഭിപ്രായം സംബന്ധിച്ച് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് തേടുകയും ടി ജീവനക്കാർക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകിയ അവസരത്തിൽ മറ്റുള്ളവർക്കും മത്സരിക്കുവാൻ തുല്യ അവസരം നൽകിയിരുന്നോ എന്ന വിഷയം പരിശോധിക്കുവാൻ ഉതകുന്ന രേഖകൾ ലഭ്യമല്ലായെന്നും ആയതിനാൽ ഈ വിഷയം സംബന്ധിച്ച് കൂടുതൽ സ്പഷ്ടീകരണം നൽകുവാൻ നിർവ്വാഹമില്ലെന്നും വിനോദസഞ്ചാരവകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

4) ദിവസവേതാനാടിസ്ഥാനത്തിൽ 10 വർഷത്തിലേറെ കാലമായി സ്വീപ്പർ തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീമതി ആമിനാ റാണി, ശ്രീ.അയ്യപ്പൻ .എസ്,

ശ്രീ.ജയകുമാർ കെ, ശ്രീമതി.ലതിക കുമാരി എം, ശ്രീമതി.മൈമുന സി, ശ്രീമതി എസ് പ്രഭ, ശ്രീമതി ബിന്ദു.കെ എന്നിവർക്ക് വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള പി.എസ്.സിയുടെ പരിധിയിൽ വരാത്ത ഒഴിവുള്ള ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ സ്ഥിരപ്പെടുത്തുന്നതിൽ തീരുമാനമെടുക്കുന്നതിനായി ഇക്കാര്യം മന്ത്രിസഭ മുമ്പാകെ സമർപ്പിക്കുന്നതിന് ബഹു മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

<u>തീരുമാനമെടുക്കേണ്ട വിഷയം</u>

വിനോദസഞ്ചാര വകുപ്പിൽ വിവിധ തസ്തികകളിൽ 10 വർഷത്തിലേറെക്കാലമായി ദിവസവേതനാടിസ്ഥാനത്തിൽ സ്വീപ്പർ തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീമതി ആമിനാ റാണി, ശ്രീ.അയ്യപ്പൻ .എസ്, ശ്രീ.ജയകുമാർ കെ, ശ്രീമതി.ലതിക കുമാരി എം, ശ്രീമതി.മൈമുന സി, ശ്രീമതി എസ്.പ്രഭ, ശ്രീമതി ബിന്ദു.കെ എന്നിവരെ ധനകാര്യ വകുപ്പിന്റേയും ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിന്റേയും നിയമ വകുപ്പിന്റേയും അഭിപ്രായങ്ങൾ മറികടന്ന് വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള പി.എസ്.സി മുഖേന നിയമനം നടത്താത്തതും നിലവിൽ ഒഴിവുള്ളതുമായ ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ സ്ഥിരപ്പെടുത്താമോ ?

GOVERNMENT OF KERALA
(Shri. Pinarayi Vijayan Ministry)
Note for the Council of Ministers

| | | | |
|---|---|---|---|
| 1. | File No. | : | A1-102/2018-Tour |
| 2. | Department | : | Tourism(A) Department |
| 3. | Subject | : | Regularisation of daily wages employees, who have been working as sweepers in Tourism department for more than 10 years, in the posts which will not come under the selection process of Kerala Public Service Commission-Reg |
| 4. | Date of Chief Minister's order for placing before the Council | : | 03.03.2020 |
| 5. | (i) Does the case involve financial commitments/implications | : | Yes |
| | (ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | : | |
| 6. | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | Yes |
| 7. | Name of Additional Secretary who submitted the Draft Note | : | Sri.Prakash.B.S |
| 8. | Name of Secretary who approved the Draft Note | : | Smt.Rani George IAS |
| 9. | Date of approval of the Draft Note for the Council by the Secretary | : | 03.11.2020 |
| 10. | Name of the Chief Secretary who approved the Draft Note | : | Sri.Viswas Mehta IAS |
| 11. | Date of Approval of the Draft Note for the Council by the Chief Secretary | | 03.11.2020 |
| 12. | Name of Minister who approved the Draft Note | : | Sri. Kadakampalli Surendran |
| 13 | Date of approval of the Draft Note for the Council by the Minister | : | 03.11.2020 |
| 14. | Date of submission of fair copies | : | 03.11.2020 |
| 15. | Date of the decision by the Council of Ministers | : | |
| 16. | Number and date of the G.O/letter communicating the decision | : | |

## Note for the Council of Ministers

This note deals with the proposal for regularising the service of daily wage employees who have been working as sweepers in Tourism Department for more than 10 years.

2) From 2016 onwards the applications for regularising the employees who are working on daily wages in Tourism Department were rejected on the basis of the legal opinion from the Law Department that this proceedings will cause the violation of the Judgment of the Hon'ble Supreme Court full bench in the State of Karnataka Vs Umadevi (2006) case and will lead to contempt of court proceedings. But as per GO(MS) No.5/2020/TSM dated 11.02.2020, Sri. J Sanalkumar, who was working on chauffer on daily wage basis in Tourism Department had been regularised in a vacant last grade post in Tourism Department which will not come under the purview of the Kerala Publlic Service Commission.

3) Smt.Amina Rani, Sri.Ayyappan S, Sri. Jayakumar K, Smt. Lathika kumari.M, Smt.Maimuna C, Smt.S Prabha , Smt.Bindu K (7 employees) who are working as daily waged employees in Tourism Department for a period of more than 10 years has submitted representation before the government for regularising them in Tourism Department . As per the report of Director of Tourism , it is found that the above employees are having more than 10 years of service in Tourism Department. The Director of Tourism also reported that the following posts ; Full time sweeper , Full time Sanitation worker , Full time Sweeper -cum- Sanitation worker, Kitchen Matey , Part time sweeper , Part time sanitation worker , Part time sweeper-cum- sanitation worker will not come under the selection process of Kerala Public Service Commission and the appointment of employees in the above said Full time posts are by the recommendation of concerned

District Collectors from the seniority list of Part time contigent employees and the appointment in the Part time posts are through the concerned district employment exchanges. The Director of Tourism informed that the regularisation of daily wages employees is completely under the discretion of the Governement and so Director of Tourism has requested to take proper decision at Government level in the regularisation of the above mentioned employees in the posts which will not come under the selection process of Kerala Public Service Commission.

The remarks received from Finance Department in this regard as follows,

" ബഹു. സുപ്രീം കോടതിയുടെ അപ്പീൽ (സിവിൽ) 3595-3612 of 1995 State of Karnataka Vs Umadevi കേസിലെ 10.04.2006 ലെ വിധിയുടെ അടിസ്ഥാനത്തിൽ public institutions- ൽ പിൻവാതിൽ നിയമനം നടത്തുന്നതും താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതും സംബന്ധിച്ച് ധന വകുപ്പ് വ്യക്തമായ നിർദ്ദേശങ്ങൾ എല്ലാ വകുപ്പുകൾക്കും നൽകിയിട്ടുണ്ട്. ആയതിനാൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച വിഷയത്തിൽ യോജിക്കാൻ കഴിയില്ല എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു,

കോവിഡ് പ്രതിരോധകാലത്തിന് ശേഷം മന്ത്രിസഭാ തീരുമാനത്തിനായി ഇക്കാര്യം ഭരണവകുപ്പ് സമർപ്പിക്കുന്നതിന് ധന വകുപ്പിന് വിയോജിപ്പില്ലായെന്നും അറിയിക്കുന്നു"

In this regard Personnel and Administrative Reforms Department has opined as follows,

"പ്രസ്തുത വിഷയം സംബന്ധിച്ച് 06.06.2020 ലെ EXP A3/66/2016- FIN പ്രകാരം ധനകാര്യ വകുപ്പ് നൽകിയ അഭിപ്രായത്തോട് ഈ വകുപ്പ് യോജിക്കുന്നു"

In this regard Law Department has opined as follows,

"ടൂറിസം വകുപ്പിലെ സാനിട്ടേഷൻ വർക്കർ, കിച്ചൻമേട്ടി, പാർട്ട് ടൈം സ്വീപ്പർ , പാർട്ട് ടൈം സാനിറ്റേഷൻ വർക്കർ തുടങ്ങിയ തസ്തികകളിലേക്കുള്ള നിയമന രീതി സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഏതാണെന്ന് ഭരണ വകുപ്പ് വ്യക്തമാക്കിയിട്ടില്ല പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തിന് നിഷ്കർഷിക്കപ്പെട്ടിട്ടുള്ള നിയമന രീതി ഏതാണെന്ന് ഭരണവകുപ്പ് പരിശോധിക്കേണ്ടതാണ്. തുല്യ അവസരം നൽകിക്കൊണ്ടുള്ള സുതാര്യമായ

നിയമന പ്രക്രിയയിലൂടെയല്ലാതെയും വ്യവസ്ഥാപിതമായ രീതിയിലല്ലാതെയും കരാറടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും ജോലി ചെയ്തുവരുന്ന താൽക്കാലിക ജീവനക്കാരെ സേവനത്തിൽ സ്ഥിരപ്പെടുത്തുന്നത് ഭരണഘടനാ തത്വങ്ങൾക്ക് വിരുദ്ധമാണെന്ന് ബഹു. സുപ്രീം കോടതി കർണ്ണാടക സർക്കാർ അഭി ഉമാദേവി (AIR 2006 SC 1806) എന്ന കേസിൽ വിധി പ്രസ്താവിച്ചിട്ടുള്ളതാണ്. എന്നാൽ ഒറ്റത്തവണയുള്ള നടപടിയായി പ്രസ്തുത വിധിന്യായം പുറപ്പെടുവിച്ച ദിവസം കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിലല്ലാതെ ക്രമവിരുദ്ധമായ (നിയമവിരുദ്ധമല്ലാതെ) നിയമനം നേടിയ ശേഷം 10 വർഷം പൂർത്തിയായവർക്ക് സ്ഥിരനിയമനം നൽകാമെന്ന് ബഹു. കോടതി ഉത്തരവായിട്ടുള്ളത്. ആയത് 6 മാസത്തിനുള്ളിൽ പൂർത്തീകരിക്കണമെന്നും ബഹു. കോടതി ഉത്തരവിട്ടിരുന്നു. എന്നാൽ പ്രസ്തുത 6 മാസക്കാലയളവിൽ നിയമനം ക്രമീകരിക്കാത്തവർക്ക് പ്രസ്തുത ആവശ്യത്തിലേയ്ക്ക് മാത്രം കോടതി ചില കേസുകളിൽ സമയം നീട്ടി നൽകിയിരുന്നു ( State of Karnataka Vs. M.L.Kesari 2010 9 SCC 247)

എന്നാൽ പിന്നീട് ഉമാദേവി കേസിലെ വിധിന്യായമടക്കം പരിശോധിച്ച് കൊണ്ട് Upendra Singh V State of Bihar & Ors (AIR 2008 SC 1315) എന്ന കേസിൽ ബഹു. സുപ്രീം കോടതി 23/02/2018-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ രാംസേവക് യാദവ് കേസിലെ വിധിന്യായത്തിന്റെ ഖണ്ഡിക 43 ലെ താഴെ പറയുന്ന മാനദണ്ഡങ്ങൾ ഉദ്ധരിക്കുകയുണ്ടായി.

"43(A) Uma Devi (supra) prohibits regularization of daily wage, casual , adhoc, and temporary appoitnments, the period of service being irrelevant.

(B) An illegal appointment void ab initio made contrary to the mandate of Article 14 without open competitive selection cannot be regularized under any circumstances.

(C) Irregular appointments can be regularized if the apoointment was made by an authority competent to do so, it was made on a vacant sanctioned post, in accordance with Article 14 of the Constitution with equal opportunity for participation to others eligible by competitive selection and the candidate possessed the eligiibility qualifications for a regular appointment to the post.

(D) The appointment must not have been an individual favour doled out to the appointee alone and the person must have continued in service for over ten years without intervention of any court orders".

ഉമാദേവി കേസിലെ വിധിന്യായമടക്കം പരിശോധിച്ച് ബഹു. സുപ്രീം കോടതി തന്നെ പുറപ്പെടുവിച്ച Upendra singh Vs. State of Bihar and Ors (AIR 2018 SC 1315) എന്ന കേസിലെ വിധിന്യായത്തിൽ ഉദ്ധരിക്കപ്പെട്ട മാനദണ്ഡങ്ങൾ , പ്രത്യേകിച്ച് മറ്റുള്ളവർക്കും തുല്യാവസരത്തിനും മത്സരത്തിനും അവസരം നൽകി കൊണ്ടും വ്യക്തി താൽപര്യമല്ലാതെയുമാണെന്നുള്ള മാനദണ്ഡങ്ങൾ പ്രതിപാദ്യ വിഷയത്തിലെ ജീവനക്കാരെ സംബന്ധിച്ചെട്ടുത്തോളം ബാധകമാവുന്നതാണോ എന്ന് പരിശോധിക്കാവുന്നതും, പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കുന്ന പക്ഷം ഭരണവകുപ്പിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ് എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു. "

The Director of Tourism has submitted report on the remarks of the Law Department. It stated that the documents related to the recruitment of these employees on daily wage basis are not available in that office to check whether their posting was done by giving equal opportunity to others. And therefore the Director of Tourism is not able to give ratification on the remarks of Law Department.

4. The Hon'ble Chief Minister has ordered to place the matter before the council of ministers for taking a decision in the matter.

# Point for Decision

Whether the service of Smt. Amina Rani, Sri.Ayyappan S., Sri. Jayakumar K., Smt. Lathikakumari M., Smt. Maimuna C., Smt. S. Prabha., Smt. Bindhu K., who have been working as swepers in Tourism Department for more than ten years on daily wage basis,may be regularised in the vacant last grade posts in Tourism Department which will not come under the selection process of Kerala Public Service Commission by overruling the remarks of Finance Department , Personnel and Administrative Reforms Department and Law Department in this case.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

AS
Rh
5/11/20

## തീയതി : 04-11-2020

ഫയൽ നം. എ1/102/2018-ടൂർ. ഇനം നം: 4336

വിഷയം : വിനോദസഞ്ചാര വകുപ്പ് - വിനോദസഞ്ചാര വകുപ്പിൽ സ്വീപ്പർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ 10 വർഷത്തിലേറെയായി ജോലി ചെയ്തുവരുന്നവരെ പി.എസ്.സി. മുഖേനയല്ലാതെ നികത്തേണ്ട തസ്തികയിൽ സ്ഥിരപ്പെടുത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്.